ഉദാഹരണമായി 1915 ൽ തുടങ്ങിയ ഒരു വായനശാലയിൽ 8000 പുസ്തകശേഖരണമുണ്ട്. അതിൽ ആംഭകാലത്തു വാങ്ങിയ പുസ്തകങ്ങൾ നശിക്കാറായിരിക്കുകയാണ്. ഗ്രാൻറിന്റെ 75 ശതമാനവും പുതിയ പുസ്തകങ്ങൾ വാങ്ങേണ്ടതിനുപയോഗിക്കേണ്ടിയിരിക്കുന്നതിനാൽ പഴയ പുസ്തകങ്ങളുടെ സംരക്ഷണത്തിന് പണമില്ലാതെ ഗ്രന്ഥശാലാധികൃതർ കഴുങ്കുകയാണ്. ഈ നിയമനം ഭേദഗതി ചെയ്യുകയല്ലേ ഉചിതമായിട്ടുള്ളതു്. കൂടാതെ ഇപ്പോഴത്തെ നിയമപ്രകാരം പുസ്തകം വാങ്ങുന്നതിന് നീക്കിക്കിടക്കുന്ന ബാക്കിവരുന്ന സംഖ്യകൊണ്ട് പത്രമാസികകൾ വരുത്തുന്നതിനും വായനശാലയിലെ അറൻറുകൾ ശേഖരിക്കുന്നതിനും സ്റ്റേഷനറി ആവശ്യങ്ങൾ പോരാതാണിരിക്കുന്നു. വായനശാലാ അംഗങ്ങളിൽനിന്ന് വരിസംഖ്യയിനത്തിലുള്ള വരുമാനവും മറ്റും കേവലം നാമമാത്രമാണെന്ന് അനുഭവം പഠിപ്പിക്കുകയും ചെയ്യുന്നു.

ആയതിനാൽ ഇപ്പോഴത്തെ നിലയനുസരിച്ച് വായനശാലകൾക്കും നല്ലവണ്ണം ഗ്രാൻറിന്റെ നല്ലൊരു ശതമാനം ഉണ്ടാകുന്നതും പുസ്തകപ്രസിദ്ധീകരണശാലക്കാർക്കു കിട്ടുന്ന എന്നുകാണുന്നു. ഈ പുസ്തകപ്രസിദ്ധീകരണശാലക്കാർക്ക് ഇതുകൊണ്ട് എന്താണ് പ്രയോജനം? ഏതിനും പുസ്തകങ്ങളും ഗ്രന്ഥശാലകളിൽ ശേഖരിക്കുന്നതിനിടയാകുന്നു. വായനക്കാർക്ക് ചിന്താദീപങ്ങളായ ഗ്രന്ഥങ്ങൾ വിതരണം ചെയ്യാൻ സാദ്ധ്യമല്ലാതാകുന്നു. ഉള്ളടക്കം എന്തുതന്നെയായാലും ആവക പുസ്തകങ്ങളും വായനശാലകളിൽ ശേഖരിക്കാനിടയാകുന്നു. നമ്മുടെ ദേശീയോദ്ഗ്രഥനത്തേയും വൈകാരിക ഐക്യത്തേയും സാമ്പത്തിക പുരോഗതിയേയും തുരങ്കം വെയ്ക്കുവാനിടയാകുന്ന സാഹചര്യമല്ലെ തൽഫലമായി സംജാതമാകുന്നത്. സ്റ്റീംറോളറിനുള്ള അംഗീകാരം ചിലപ്പോൾ ലൈബ്രറികൾക്കും അംഗീകരിക്കേണ്ടിവരുന്നതിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഈ പ്രശ്നം ഏറെക്കുറെ പരിഹരിയ്ക്കുകയും ചെയ്യാം.

ഗ്രന്ഥശാലകൾ സംഘടിപ്പിയ്ക്കുന്നതിന്റെ ഉദ്ദേശങ്ങൾ വളരെ നന്നെങ്കിലും ഉദ്ദിഷ്ട ഉദ്ദേശപ്രാപ്തിയ്ക്കു് ഇതു് ഉതകുന്നില്ല. ഇവ ഇന്നു വർഗ്ഗീയതയും സങ്കുചിതകക്ഷി ചിന്തയും വളർത്തുകയാണ് ചെയ്യുന്നതു്. ഇന്നു നിലവിലുള്ള വായനശാലകളിൽ സിംഹഭാഗവും ഒന്നുകിൽ നായർ, ക്രിസ്ത്യൻ, മുസ്ലീം, ഈഴവമേധാവിത്തത്തിലോ അല്ലെങ്കിൽ രാഷ്ട്രീയ കക്ഷികളുടെ മേധാവിത്തത്തിലോ കടുങ്ങിയിരിയ്ക്കുകയാണ്. ഒരു മൈൽ ചുറ്റളവിനുള്ളിൽ നായർ മേധാവിത്വം വെച്ചുപുലർത്തുന്നതും ക്രിസ്ത്യാനി മേധാവിത്വം വെച്ചുപുലർത്തുന്നതുമായ ഗ്രന്ഥശാലകളുടെ ഭരണഘടനയിൻ പ്രകാരം വായനശാലകം മുഖത്തേടുമുഖം നോക്കിയിരിയ്ക്കുന്നതു് കാണാം. ഒരു ഒരു മൈൽ ചുറ്റളവുള്ള പ്രദേശത്തെ ജനങ്ങളുടെ നന്മയെ ഉദ്ദേശിച്ച് നടത്തുന്ന വായനശാലകൾ ഈ രണ്ടു ഗ്രന്ഥശാലകളുടെ ആവശ്യം എത്ര ചിന്തിച്ചിട്ടും മനസ്സിലാവുന്നില്ല. ഇതു മാറി സർവ്വ സമുദായക്ഷേമവും മൈത്രിയും കൈവരിയ്ക്കുവാൻ ഈ പ്രസ്ഥാനത്തെ വളർത്തിയെടുക്കേണ്ടതാണ്. അല്ലെങ്കിൽ ഇതിന്റെ ഫലം ദ്വിവ്യാപകമായിരിയ്ക്കും. ഐക്യത്തിനുപകരം വിദ്വേഷമായിരിയ്ക്കും.

വായനക്കാരുടെ തൃക്കത്തെ കണക്കിലെടുത്തു് അതിനനുരൂപമായ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിൽ ഒട്ടും അവഗണിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ് ലൈബ്രേറിയന്മാർ. ഇന്നു ഒരു വായനശാലയിൽ പേന്നാൽ പുസ്തകം ലഭിച്ചെങ്കിൽ ഭാഗ്യമായി പുസ്തകവിതരണത്തിലേപ്പെട്ടിരിയ്ക്കുന്നവക്ക് ശരിയായി വേതനം കൊടുത്തു മുഴുവൻ സമയപ്രവർത്തകരാക്കുകയും എല്ലുവക്കും ഏതു സമയവും പുസ്തകം എടുക്കത്തക്ക നിലപാടു് സൃഷ്ടിക്കേണ്ടതുമാണ്.

ഇങ്ങനെ പലപ്രകാരേണ അധഃപതിച്ചിരിയ്ക്കുന്ന ഗ്രന്ഥശാലാ പ്രസ്ഥാനത്തെ കൂടുതൽ മുതലായവ നൽകിയും നൽകപ്പെടുന്ന ഗ്രാൻറ് ശരിയായി വിനിയോഗിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിച്ചും ഈ പ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തേണ്ടതു് ഇന്നത്തെ അടിയന്തിരാവശ്യമാണ്.

ജോസഫ് പൂത്തറ, [ജൂണിയർ.]

.....

## ചിത്രകലാക്യാമ്പ്

[സ്വ ലേ] തൃശ്ശൂർ ഏ. 27

കേരള ചിത്രകലാപരിഷത്തു് തൃശ്ശൂർ ഡിസ്ട്രിക്ട് ശാഖയുടെ ആഭിമുഖ്യത്തിൽ സ്ഥലം സി. എം. എസ്സ്., ഹൈസ്കൂളിൽവെച്ച് ഈ മാസം 24-ാംതീ മുതൽ നടന്നുവരുന്ന പരിഷത്തിന്റെ 3-ാം സമ്മർ ക്യാമ്പിന്റെ സമാപനസമ്മേളനവും പ്രദർശനോൽഘാടനവും 1965 ഏപ്രിൽ 28-ാംതീ ബുധനാഴ്ച സി എം. എസ്സ്., ഹൈസ്കൂൾ അങ്കണത്തിൽവെച്ച് നടത്തപ്പെടുന്നതാണ്. കേരളവിദ്യാഭ്യാസ സിക്രട്ടറി ശ്രീ. പി. കെ. അബ്ദുള്ള സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും.

.....

## എൻ. സി. സി. ക്യാമ്പ് സമാപിച്ചു

[സ്വ ലേ] തൃശ്ശൂർ ഏ. 27

രാമവർമ്മപുരം ഗവ. ടെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നുവന്നിരുന്ന എൻ. സി. സി. ട്രൂപ്പിയർ ഡിവിഷൻറെ [ബായ്സ്] വാർഷികക്യാമ്പ് ഇന്ന് സമാപിച്ചിരിയ്ക്കുന്നു. ശ്രീ പൂത്തേഴത്തു രാമൻമേനോൻ സമാപനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വിവിധ മത്സരങ്ങളിൽ വിജയിച്ച കാഡറന്മാർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കാഡറന്മാരുടെ വിവിധ കലാപരിപാടികളുമുണ്ടായിരുന്നു.

.....

## ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ

# ലേലപരസ്യം

ചാലക്കുടി ഡിവിഷനിൽപ്പെട്ട കാലടി റയിഞ്ചാഫീസ് കോമ്പൗണ്ടിൽ അട്ടിവെച്ചിട്ടുള്ളതായ താഴെ പറയുന്ന വീട്ടിത്തടികൾ 1965 മേയ് മാസം 6-ാം തീയതി പകൽ 3 മണിയ്ക്ക് ടി സ്ഥലത്തുവെച്ച് പരസ്യമായി ലേലംചെയ്യ വിൽക്കുന്നതാകുന്നു. നിരതദ്രവ്യം 300 ഉറുപ്പിക. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസിലോ കാലടി റയിഞ്ചാഫീസിലോ അന്വേഷിക്കുക.

| | | | | |
|---|---|---|---|---|
| 1. | വീട്ടിത്തടി | 9.90 × 071 | = | 0.312 |
| 2. | ടി | 8.20 × 085 | = | 0.370 |
| 3. | ടി | 5.55 × 084 | = | 0.245 |
| 4. | ടി | 7.85 × 074 | = | 0.269 |
| 5. | ടി | 5.25 × 056 | = | 0.103 |
| 6. | ടി | 4.60 × 095 | = | 0.259 |
| 7. | ടി | 5.95 × 083 | = | 0.256 |
| 8. | ടി | 7.60 × 082 | = | 0.319 |

ചാലക്കുടി, 19-4-65.

ഡാക്ടർ പി. നാരായണൻനായർ
ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ.




## റേഡിയോ പോലീസ് സ്റ്റേഷൻ

ന്യൂഡൽഹി, ഏ. 26

യൂറോപ്പിലെ ഏറ്റവും ആധുനിക രീതിയിലുള്ള റേഡിയോ പോലീസ് സ്റ്റേഷൻ പശ്ചിമ ജർമ്മനിയിലെ ഹാംബർഗ് എന്ന സ്ഥലത്തുള്ള സ്റ്റേഷനാണ്. ഇവിടെ 125 റേഡിയോ പോലീസ് കാറുകളും, 2 ഹെലികോപ്റ്ററുകളും, 5 ആംബുലൻസുകളും മുതലായവയും പുറമേ റേഡിയോ മോട്ടോർ സൈക്കിളുമുണ്ട്. ട്രാഫിക് പോലീസിന് നിർദ്ദേശങ്ങൾ നൽകുന്നതിലേക്കായി 16 പോലീസ് ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്. ഇവർ 24 മണിക്കൂറുകൾക്കുള്ളിൽ 700തവണ പ്രവർത്തനരംഗത്തെത്തുന്നുണ്ട്. കഴിഞ്ഞവർഷം റേഡിയോ പോലീസ് കാറുകൾ ഏകദേശം 40 ലക്ഷം മൈൽ സഞ്ചരിക്കുകയുണ്ടായി. (കേരളപ്രസ്സ്)

## കത്തോലിക്കാ കോൺ: യോഗം

കോട്ടയം ഏ. 26

ഇപ്പോൾ നിലവിലിരിക്കുന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് വക്കിംഗ് കമ്മറിയുടെ അവസാനയോഗം ഇന്നലെ രാവിലെ 11 മണിക്ക് ഹൈഡോഹ്സിൽ സമ്മേളിച്ചു.

വരുംവിലവുകളുടെ ത്രൈമാസിക സ്റ്റേറ്റമെൻറ് അവതരിപ്പിച്ചതു പാസ്സാക്കപ്പെട്ടു. പത്തു ഫൈസാപ്പിരിവ് പൂർത്തിയാക്കുന്നതിനുവേണ്ടി ഇപ്പോൾ നാളിതുവരെ 48262 രൂപ 12 പൈസ പിരിഞ്ഞിട്ടുണ്ടെന്നും ഫണ്ട് കൺവീനർ ശ്രീ. തോമസ് സെബാസ്റ്റ്യൻ കമ്മറിയെ അറിയിച്ചു. ആദായമുള്ള സ്ഥാവരവസ്തുവിൽ ഈ ഫണ്ട് നിക്ഷേപിക്കണമെന്നുള്ള ഈ വക്കിംഗ് കമ്മറിയുടെ സുചിന്തിതമായ അഭിപ്രായം പ്രതിനിധിസഭയിൽ അവതരിപ്പിക്കണമെന്നു നിശ്ചയിച്ചു.

പ്രസിഡണ്ടിന്റെ വകയായി വിദേശസമുദ്രയാത്രയ്ക്കുശേഷം യോഗം ചേർന്നു് ഇപ്പോഴത്തെ വക്കിംഗ് കമ്മറിയുടെ സൗഹാർദ്ദപരമായ നിലപാടിനെയും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, അസി: സെക്രട്ടറി, ട്രഷറർ മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെ സേവനങ്ങളെയും പ്രശംസിച്ച് മെ.ഏ.ജി.അഗസ്റ്റിൻ ബി. എ. ബി. എൽ. സിറിയക്ക് ജെ. നിധിയിരി, എം. പി, വക്കിച്ചൻ വഴുമ്പോരി, പോൾ ജെ. കൊണത്താപ്പിള്ളി എന്നിവർ സംസാരിച്ചു. പ്രസിഡണ്ട് ശ്രീ. പി. സി. എബ്രഹാം ബി. എ. ബി എൽ. വൈസ് പ്രസിഡണ്ടു് ശ്രീ. ഇ. എം ജോസഫ്, ബി. എ. ബി. എൽ, ജനറൽ സെക്രട്ടറി ശ്രീ. കെ. എം. ജോസഫ് ബി. എ. ബി. എൽ. എന്നിവർ വക്കിംഗ് കമ്മറിയംഗങ്ങളോടേയും അസിസ്റ്റൻറ് സെക്രട്ടറി ശ്രീ. കെ. സി. ജോസഫ് കളമുകുട്ടിയോടേയും മറ്റെല്ലാ സ്റ്റാഫംഗങ്ങളോടേയും ആത്മാർത്ഥമായ സഹകരണത്തിനും സേവനങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് സമുചിതമായ മറുപടി പ്രസംഗങ്ങൾനടത്തുകയുംചെയ്തു. ഗ്രൂപ്പ് ഫോട്ടോയ്ക്കുശേഷം യോഗം 5 മണിക്ക് സമംഗളം പര്യവസാനിച്ചു.

—

## അമ്പലം തകർത്തുവന്നു

കണ്ണല്ലിയൂർ, ഏ. 26

കുഞ്ഞക്കുട്ടി എന്ന ഒരാൾ ഇവിടത്തെ പറയൻ കണ്ടാരൻ, കുഞ്ഞുണ്ണി എന്നിവരുടെ പുരയിടത്തിൽ നിൽക്കുന്ന അമ്പലപ്പുര വെട്ടി നശിപ്പിക്കുകയും മാരകായുധങ്ങളുമായി വീട്ടുകാരെ ഭീഷണിപ്പെടുത്തുകയും ചെയ്തതായി ഒരാക്ഷേപം ഉണ്ടായിരിക്കുന്നു. പറയർ വലപ്പാട് സബ്ബ് ഇൻസ്പെക്ടർക്ക് പരാതി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു അന്വേഷണം നടത്തി അവർ തിരിച്ചുപോയി. ഇതിന്റെ പിന്നിൽ സ്ഥലത്തെ ചില കോൺ പ്രമുഖന്മാരുടെ കയ്യുണ്ടെന്നു പറയപ്പെടുന്നു.

.....

## പി. ഡബ്ലിയു. ഡി. സ്റ്റാഫ് ക്ലബ്ബ് സ്പോർട്സ്

[സ്വ ലേ] തൃശ്ശൂർ, ഏ 27

തൃശ്ശൂർ പി. ഡബ്ലിയു. ഡി. സ്റ്റാഫ് ക്ലബ്ബിന്റെ അഞ്ചാംവാർഷികത്തോടനുബന്ധിച്ച് തോപ്പ് സ്റ്റേഡിയത്തിൽവച്ച് ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങളായി നടന്നുവന്നിരുന്ന മത്സരങ്ങളിൽ ബിൽഡിംഗ്സ് ആൻറ് റോഡ്സ് സബ്ബ് ഡിവിഷൻ 47 പോയിൻറുകളും വാട്ടർ റിസോഴ്സ് സബ്ബ് ഡിവിഷൻ 39 പോയിൻറുകളും നേടി യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് അർഹരായി. ഈ മത്സരത്തിലെ വ്യക്തികപോയിൻറുകൾക്കുള്ള ചാമ്പ്യൻഷിപ്പ് പുരുഷവിഭാഗത്തിൽ 18 പോയൻറുകളും വീതമെടുത്തു് പി. കെ. സദാനന്ദനും (ഇറിഗേഷൻ ഡിവിഷൻ) പി. വിശ്വനാഥൻപിള്ള (വാട്ടർ റിസോഴ്സ് സബ്ബ്ഡിവിഷൻ), സ്ത്രീവിഭാഗത്തിൽ 36 പോയിൻറുകളും നേടി കെ. മാധവിക്കുട്ടിയും (ബി. ആൻറ് ആർ. സബ്ബ് ഡിവിഷൻ) കരസ്ഥമാക്കി.

## ആക്ഷേപങ്ങളും ആവശ്യങ്ങളും

### മലയാറ്റൂർ തിരുന്നാളും അധികൃതരും

പതിനായിരക്കണക്കിനു തീർത്ഥാടകരേയുംകൊണ്ട് ഇത്തവണത്തെ മലയാറ്റൂർ തിരുന്നാളിനുപോയ നൂറുകണക്കിനു് ടാക്സികൾക്കും സ്വന്തം ബസ്സുകൾക്കും നടുറോട്ടിൽത്തന്നെ മണിക്കൂറുകളോളം കെട്ടിക്കിടക്കേണ്ടിവന്ന സംഭവം പല പ്രാവശ്യവും ആവർത്തിക്കുകയുണ്ടായി. സ്വാതന്ത്ര്യവീതികുറഞ്ഞ റോട്ടിൽ രണ്ടു നിരയായി അണിനിരത്തിയിട്ടുള്ള വാഹനങ്ങൾ വളരെ ദൂരത്തോളം ചുറ്റിക്കിടക്കേണ്ടിവന്നതോടെ കാൽനടക്കാരടക്കമുള്ള തീർത്ഥാടകരനുഭവിക്കേണ്ട അസൗകര്യങ്ങളും ചില്ലറയൊന്നുമല്ല. ഗതാഗതനിയന്ത്രികരാരുമില്ലാതിരുന്നതാണ് ഇതിനുകാരണമെന്നു് ഏതൊരാൾക്കും നിസ്സംശയം പറയാവുന്നതാണ്.

മലയാറ്റൂർ തിരുന്നാൾ പോലുള്ള ഒരു മഹോത്സവത്തിനു് ഇത്രയധികം ജനങ്ങൾ ഒത്തുകൂടുന്നുണ്ടെന്നുള്ള കാര്യം അധികൃതർക്കു് അറിവുള്ളതാണ്. അതുകൊണ്ടു് ഇത്തരം അസൗകര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതു് അധികൃതരുടെ കടമയാണ്. ഇക്കാര്യത്തിൽ അവർക്കു് ഉണർവ്വുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

കാട്ടൂർ, ഒരു സമുദായസ്നേഹി.

.....

## പ്രാഥമിക കയർ സംഘങ്ങൾക്ക് ഒരു ലക്ഷം ക. വരെ പ്രവർത്തനമൂലധന വായ്പ ലഭിക്കും

### സംസ്ഥാന ഗവർമ്മെണ്ടിന്റെ തീരുമാനം

എറണാകുളം, ഏ. 28

**കഴിഞ്ഞ ഒക്ടോബർ-നവംബർ കാലത്തു് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾ സംബന്ധിച്ചു് നടന്ന നാലു സെമിനാറുകളുടെ നിർദ്ദേശങ്ങളും അടിസ്ഥാനമാക്കി കയർ ബോർഡും അതിന്റെ സഹകരണ ഉപദേശക സമിതിയും സമർപ്പിച്ച പല ശിപാർശകളും സംസ്ഥാനഗവർമെണ്ടു് സ്വീകരിച്ചിട്ടുള്ളതായി ബോർഡ് ഒരു പ്രസ്താവിലിസിൽ പറയുന്നു.**

പ്രാഥമിക കയർ സംഘങ്ങൾക്ക് ഒരുലക്ഷം ക. വരെ പ്രവർത്തനമൂലധന വായ്പ ലഭിക്കുമെന്നതാണ് ഇതിൻറെ ഒരു ഫലം. മുമ്പ് പരമാവധി 50000 ക. യേ നൽകിയിരുന്നുള്ളൂ. സംഘങ്ങൾക്ക് കാലതാമസം കൂടാതെ ജോലി തുടങ്ങാൻ കഴിയത്തക്കവിധം ഓഹരി മൂലധനവായ്പയോടൊപ്പം ഇളംനെൽകുന്നതാണ്.

കയർ സംഘങ്ങൾക്ക് സെക്രട്ടറി, മാനേജർ, അക്കൗണ്ടൻറ് എന്നിവരുടെയും മറ്റും ക്ലറിക്കൽ സ്റ്റാഫിൻറെയും ശമ്പളത്തിനു് നാലുവർഷത്തേയ്ക്കു ക്രമത്തിൽ കുറഞ്ഞവരുന്ന തോതിൽഗ്രാന്റ് നൽകാമെന്നു് കേരളഗവർമെണ്ടു് സമ്മതിച്ചിട്ടുണ്ട്. ഇതുവരെ സെക്രട്ടറിയുടെ ശമ്പളത്തിനുമാത്രമേ സഹായം അനുവദിച്ചിരുന്നുള്ളൂ.

ഉദ്ഘാടകം പണിയാൻ പ്രാഥമിക കയർ സംഘങ്ങൾക്ക് ഗവർമെണ്ടു് 95 ശതമാനം വായ്പയും 25 ശതമാനം ഗ്രാൻറും (ഒരു സംഘത്തിനു് പരമാവധി 20000 ക.) നൽകുന്നതാണ്. കയർ സംഘങ്ങളുടെ ചുമട്ടുന്ന രേഖകളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നു് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. രേഖയുടെ മൂല്യം 5000 ക. കവിയുന്നില്ലെങ്കിൽ രജിസ്റ്റേഷൻ ഫീസിൽ 50 ശതമാനം സൗജന്യവും ലഭിക്കും.

കയർ സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടിശിക തീർക്കാൻ ഊർജ്ജിത നടപടികളെടുക്കാമെന്നു് ഗവർമെണ്ടു് സമ്മതിച്ചിട്ടുള്ളതായി പ്രസ്താവിലിസ് ഉടൻ പറയുന്നു. തൊണ്ടഴുക്കൽ യൂണിയനുകീഴിലുള്ള സംഘങ്ങൾക്കുമാത്രമാണ് ഇതുവരെയുണ്ടായിരുന്നതു്. സംഘങ്ങൾക്കുവേണ്ടി അവയിലെ അംഗങ്ങളുടെ വരുമാനത്തിൽനിന്നു് ഈടാക്കിയ തുക തിരിച്ചുകൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടു്. ഇതിനുപുറമെ കയർ സംഘങ്ങൾക്കു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവർമെണ്ടു് സ്വീകരിച്ചിട്ടുണ്ടു്. ഇതനുസരിച്ചു് കയർ സംഘങ്ങൾക്കു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവർമെണ്ടു് സ്വീകരിച്ചിട്ടുണ്ടു്. ഇതനുസരിച്ചു് കയർ സംഘങ്ങൾക്കു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവർമെണ്ടു് സ്വീകരിച്ചിട്ടുണ്ടു്.

പ്രാഥമിക കയർ സംഘങ്ങളുടെ ഉൽപ്പാദനപ്രവർത്തനത്തിനു് അംഗസംഖ്യ 400 മുതൽ 600 വരെ ആയിരിക്കണമെന്നുവെച്ചിട്ടുണ്ട്. എന്നാൽ അപ്പോൾ നന്നായി പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ഇതു് ബാധകമാക്കുന്നതല്ല. രണ്ടു സംഘങ്ങളിൽ അംഗത്വം കുറിവാക്കാനും പ്രായപൂർത്തി വന്ന എല്ലാ കയർതൊഴിലാളികളെയും അംഗങ്ങളാക്കാനും നടപടികളും എടുക്കുന്നതായിരിക്കും.

കയർ വ്യവസായത്തിലെ സഹകരണ മേഖലശക്തിപ്പെടുത്താൻ ഈ തീരുമാനങ്ങൾ വളരെ സഹായകമാകുമെന്നു് ബോർഡ് ആശിക്കുന്നു.

—

## പാലക്കാട്ടെ സൂക്ഷ്മോപകരണശാലയ്ക്കു് 117 ഏക്കർസ്ഥലമെടുത്തുകഴിഞ്ഞു

### വികസനമേഖലയ്ക്കായി ഉപകരണശാലയ്ക്കുപുറമേ സ്ഥലം അകയർചെയ്യും

പാലക്കാട്, ഏ. 27

പൂത്തൂരി സൂക്ഷ്മോപകരണശാലയുടെ പുറമേ വികസനമേഖലയ്ക്കുവേണ്ടി 117 ഏക്കർ സ്ഥലം വിലയ്ക്കുവാങ്ങിയതായി പാലക്കാട്ടെജില്ലാ വ്യവസായ ഓഫീസർ അറിയിക്കുന്നു. ഇതിനു് 2,00,974 ക. കഴിഞ്ഞ സാമ്പത്തിക വർഷാവസാനത്തോടെ പിലവിട്ടു. ഇടത്തരം വ്യവസായങ്ങൾക്കായി സൂക്ഷ്മോപകരണശാലയ്ക്കു് പുറമുള്ള സ്ഥലം സജ്ജമാക്കിയെടുക്കുകയാണ് വികസനമേഖലകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. സൂക്ഷ്മോപകരണശാല നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തോടനുബന്ധിച്ചു് 212 ഏക്കർ വികസനമേഖലയ്ക്കായി അകയർ ചെയ്യാനാണ് നിശ്ചയിച്ചിട്ടുള്ളതു്. കോഴിക്കോടു് ടൌൺ പ്ലാനർ ഇതിനുള്ള ലേഔട്ടു് പ്ലാൻ തയ്യാറാക്കി വരികയാണ്.

—

## പാവറട്ടിയിൽ കാർഷിക-വ്യവസായിക പ്രദർശനം

പാവറട്ട, ഏ. 28

മുല്ലശ്ശേരി വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ പാവറട്ടി സെന്റ് ജോസഫ്സ് സെക്കന്ററി സ്കൂളിൽ മേയ് 7-ാംതീ മുതൽ 5 ദിവസം നീണ്ടുനില്ക്കുന്ന ഒരു കാർഷിക-വ്യവസായിക പ്രദർശനം നടത്തപ്പെടുന്നതാണ്. കേരള ഗവർമെണ്ടിന്റെ കൃഷിവകുപ്പ്, വ്യവസായവകുപ്പ്, മൃഗസംരക്ഷണവകുപ്പ് എന്നിവക്ക പുറമെ കാർഷിക വ്യവസായിക സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യസ്ഥാപനങ്ങളും ഈ പ്രദർശനത്തിൽ പങ്കെടുക്കുന്നതാണ്. പ്രസിദ്ധമായ പാവറട്ടി പെരുന്നാൾ കാലത്തു് നടത്തപ്പെടുന്ന ഈ പ്രദർശനം വളരെ വിപുലമായ നിലയിൽ സംഘടിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

### സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ

പാലക്കാട്ട്, ഏ. 28

പാലക്കാട്ടുജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറായി പി. ടി. ജോസഫ് ചാർജ്ജെടുത്തിരിക്കുന്നു. സ്വ. ലേ

## ഇരിഞ്ഞാലക്കുട ലാൻറ് ടൈബ്യൂണൽ

ഇരിഞ്ഞാലക്കുട, ഏ. 28

1965 മേയ് 4, 5, 6, 7 എന്നീ തീയ്യതികളിൽ പ്രിൻസിപ്പൽ ലാന്റ് ടൈബ്യൂണലും 24, 25, 26 എന്നീ തിയ്യതികളിൽ അഡീഷണൽ ലാന്റ് ടൈബ്യൂണലും കൊടുങ്ങല്ലൂർ വില്ലേജ് കോടതിയിൽവെച്ചും 24, 25, 26 എന്നീ തിയ്യതികളിൽ പ്രിൻസിപ്പൽ ലാന്റ് ടൈബ്യൂണലും 10, 11, 13, 14, 15, 28, 31 എന്നീ തിയ്യതികളിൽ അഡീഷണൽ ലാന്റ് ടൈബ്യൂണലും ചാലക്കുടി വില്ലേജ് കോടതിയിൽവെച്ചും കേരളാ ലാൻറ് റിഫോംസ് ആക്ടു് 1963 പ്രകാരമുള്ള അപേക്ഷകളിന്മേൽ വിചാരണ ചെയ്യുന്നതാകുന്നു.

പീച്ചി റിസർച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ കെ. കെ. നമ്പ്യാർ ആണ്. മത്സരങ്ങൾക്കും ഉൽഘാടനം ചെയ്തതു്.

—

തൊ

ചാക്കോള ട്രോഫി

# എം. ആർ. സി. യെ തകർത്ത് സി. ഐ. എൽ. ഫൈനലിലെത്തി

[സ്വന്തം പ്രതിനിധി] തൃശ്ശൂർ, ഏ 28

**ചാക്കോളാ ഗോൾഡ് ട്രോഫിക്കുവേണ്ടിയുള്ള ഫുട്ബോൾ മത്സരത്തിൽ കഴിഞ്ഞ മൂന്നുതവണ സമനിലയിൽ പിരിഞ്ഞ ഒന്നാംസെമിഫൈനൽ ഇന്ന് വീണ്ടും കളിച്ച് മദ്രപടിയില്ലാത്ത നാല് ഗോളുകൾ നേടി സി. ഐ. എൽ. (എലക്ട്രോണിക്സ്) ബാങ്കുകാർ എം. ആർ. സി. വെല്ലിംഗ്ടനെ പരാജയപ്പെടുത്തിയിരിക്കുന്നു.**

ഇന്ന് കളി തുടങ്ങിയതുതന്നെ എം. ആർ. സിയുടെ മുന്നേറ്റത്തോടുകൂടിയാണ്. ആദ്യത്തെ കോർണർ മിനിറ്റ് സി. ഐ. എൽ. പോസ്റ്റിൽ എം. ആർ. സി. യുടെ മുൻനിരക്കാരായ കാമാച്ചിയും, കപ്പുസ്വാമിയും, അൽഫോൻസും നല്ല സമ്മർദ്ദങ്ങൾ ചെലുത്തിയിരുന്നു. മൂന്നാമത്തെ മിനിറ്റിൽതന്നെ സി. ഐ. എൽ. നല്ലൊരു മുന്നേറ്റം നടത്തുകയുണ്ടായി. സി. ഐ. എലിന്റെ ലെഫ്റ്റ്റ്ഇൻ കണ്ണൻ അപകടകരമായ മുന്നേറ്റം നടത്തിയെങ്കിലും എം. ആർ. സിയുടെ ലെഫ്റ്റ്റ്ഇൻ ബാക്ക് ആ പന്ത് രക്ഷിച്ചെടുത്തു. പിന്നെ പന്ത് സി. ഐ. എൽ പോസ്റ്റിൽ തന്നെ പറന്നെത്തിയെങ്കിലും അവിടെ ഒന്നും സംഭവിച്ചില്ല. നാലാമത്തെ മിനിറ്റിൽ പന്ത് എം. ആർ. സി. യുടെ പോസ്റ്റിലെത്തി അവിടെ അഞ്ജഡ്ഖാൻ [സി. ഐ. എൽ. റൈറ്റ് ഇൻ] ഒരു മാസ്റ്റർഷോയിതന്നെ കളിച്ചു. ഒടുവിൽകണ്ണനൊടുത്തു. കണ്ണനതു മിസ്സ് ചെയ്തു. അടുത്ത നിമിഷത്തിൽ ജോജ്ജിനുകിട്ടി വീണ്ടും കണ്ണനിൽനിന്നുതന്നെ ആ അവസരവും നഷ്ടപ്പെട്ടു. പന്ത് കൈവശമായി. വീണ്ടും ജോജ്ജിനുകിട്ടി, ജോജ്ജിന്റെ ഷോട്ട് ജസ്റ്റ് കൈവായി. അതു കൈവായിയുന്നില്ലെങ്കിൽ എം. ആർ. സിയുടെ ഗോളിക്ക പിടിക്കാൻ പറ്റാതായി തുന്നില്ല. വീണ്ടും പന്ത് കാമാച്ചിയുടെ പക്കൽകിട്ടി, കാമാച്ചി പറക്കുകയായി ഒരു കന്നാസ്തനം ഒരു ക്രോസ് കൊടുത്തു. സി. ഐ. എൽ. പോസ്റ്റിൽതന്നെ ആ പന്ത് എത്തി സമയത്തിനു എം. ആർ. സി. യുടെ മുൻനിരക്കാരായ കപ്പുസ്വാമിയോ അൽഫോൻസോ അവിടെയെത്തിയില്ല വീണ്ടും പന്ത് സി. ഐ. എൽ. പോസ്റ്റിൽതന്നെ തത്തികളിക്കാൻ തുടങ്ങി. 7-ാമത്തെ മിനിറ്റിൽ എം. ആർ. സി. യുടെ റൈറ്റ്ഔട്ട് കാമാച്ചിയുടെ പക്കൽനിന്ന് കിട്ടിയ പന്തുമായി ലെഫ്റ്റ്റ്ഇൻ അൽഫോൻസ് മനോഹരമായി കൊണ്ടുപോയെങ്കിലും സ്റ്റീവുകൊണ്ട് പന്തിന്മേൽ ഉരുണ്ട് ഗോൾമുഖത്ത് വീണ്ടും ആ പാൻസ് നഷ്ടപ്പെട്ടു. പിന്നെ പന്ത് കയറിയതു എം ആർ സി. യുടെ പോസ്റ്റിലേക്കാണ്. സി. ഐ. എൽ. റൈറ്റ് ഔട്ട് ക്രോസ്സെയ്തു. അവരുടെ ലെഫ്റ്റ്റ് ഇൻ കണ്ണനതു പിടിച്ചു, അഞ്ജഡ്ഖാനു കൊടുത്തു, പക്ഷെ അതു നഷ്ടപ്പെട്ടു.

12-ാമത്തെ മിനിറ്റിൽ എം. ആർ. സിയുടെ കാമാച്ചി പന്തുമായി സി ഐ. എൽ. പോസ്റ്റിലേക്ക തള്ളിക്കയറി. പക്ഷെ സി. ഐ. എൽ സെന്റർ ബ്രേക്ക ഹബീബുള്ള ആ ഗോളടിപ്പിച്ചില്ല. ഉടനേ കപ്പുസ്വാമി സി.ഐ.എൽ. പോസ്റ്റിലേക്ക മറൊരു ക്രോസ്കൊടുത്തു, ഹബിബുള്ള ഹെഡ്ചെയ്തു രക്ഷിച്ചെങ്കിലും അതൊരു കോർണറായി.

കോണ്ടുർ അടിച്ച് സി ഐ. എൽസെൻറർബ്രേക്ക തുടസി രക്ഷിച്ചെച്ചിലുംവീണ്ടും കോണ്ടുറായി. അതുബ്രേക്കർക്കാരുടെ പിൻനിരക്കാർ സമർത്ഥമായി രക്ഷിച്ചു. പിന്നെ പന്തു നാലഞ്ച് മിനിറ്റോളം എം. ആർ. സിയുടെ പോസ്റ്റിലേക്ക എം. ആർ. സിയുടെ പോസ്റ്റിൽ അപകടങ്ങളൊന്നുമുണ്ടായി. ഇക്പാൽ അഹമ്മദ് ഒരു നല്ല ക്രോസ്കൊടുത്തു എം. ആർ. സി. യുടെ ഗോളി ഗോപാലകൃഷ്ണൻ അത്തുകമരമായി ആപത്തു രക്ഷിച്ചുകൊലും അതൊരു കോണ്ടുറായി-അഞ്ജഡ്ഖാന്റെ കോണ്ടുർകിക്ക നന്നായെങ്കിലും കൃഷ്ണജി ആ ചാൻസ് നഷ്ടപ്പെടുത്തി. 20-ാമത്തെ മിനിറ്റിൽ എം. ആർ. സിയുടെ കാമാച്ചി പന്തുമായി പാഞ്ഞു. സി. ഐ. എൽ, പോസ്റ്റിലെത്തി. മൂന്നാലുമിനിറ്റ നേരത്തേയ്ക്ക് സി. ഐ. എൽ. പോസ്റ്റിൽ എന്തും സംഭവിക്കാവുന്ന ചില സന്ദർഭങ്ങളുണ്ടാക്കി. അധികംനേരം നിന്നില്ല പന്ത് വീണ്ടും എം. ആർ. സി. യുടെ പോസ്റ്റിൽതന്നെയെത്തി. സി. ഐ. എല്ലിനു ഒരു കോണ്ടുർകിക്ക കിട്ടി. ഫലം സംഭവിച്ചില്ല. അടുത്ത നിമിഷത്തിൽത്തന്നെ സി. ഐ. എൽ പോസ്റ്റിൽ കപ്പുസ്വാമി പന്തുമായി എത്തി. ഒരു നല്ല ഷോട്ട് കൊടുത്തു, ജെസ്സുറ്റ്. 27-ാമത്തെ മിനിട്ടിലും കപ്പുസ്വാമിക്ക മറ്റൊരു നല്ല ചാൻസ് കിട്ടി. കാര്യമായില്ല. പക്ഷെ കണ്ണു തുറന്നുനോക്കിയപ്പോഴും പന്തു എം. ആർ. സി. യുടെ ഗോൾമുഖത്താണ് കളിക്കുന്നതു. ഒരു പൊരിഞ്ഞ കളിയായി രൂപാന്തരപ്പെട്ടു. അതിനിടയിൽ അഞ്ജഡ്ഖാന്റെ ഉഗ്രനൊരു ഷോട്ട് നാലഞ്ച് പേരുടെയിടയിൽ കൂടിത്തന്നെ മിന്നൽവേഗത്തിൽ പന്തു ഗോൾവലയത്തിലായി അങ്ങനെ 28-ാമത്തെ മിനിറ്റിൽ അഞ്ജഡ്ഖാൻ ഒന്നാമത്തെ ഗോളം നേടി. 34-ാമത്തെ മിനിട്ടിൽ എം. ആർ. സി. ക്ക് ഒരു കോണ്ടുർ കിക്കുകിട്ടി. പക്ഷെ കാര്യമായില്ല. ആവേശകരമായ ആദ്യപകുതിയവസ്സാനിച്ചു. കളി തുടങ്ങിയതുതന്നെരുചാറ്റൽ മഴയോടുകൂടിയായിരുന്നു. ഇപ്പോഴും മഴ തുടർന്നുകൊണ്ടിരിക്കയാണ്. ഗ്രൗണ്ടിലെ ചില്ലറ ഇടിവെട്ടുകളും നടക്കുന്നുണ്ട്.

രണ്ടാംപകുതി തുടങ്ങി. ഇപ്പോഴും സി. ഐ. എൽ. മാത്രമാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. കാമാച്ചിയും മറവും പകച്ചുപോലെയാണ് കാണുന്നത്. മൂന്നാമത്തെ മിനിറ്റിൽ അഞ്ജഡ്ഖാനു മറൊരു ചാൻസുകൂടി കിട്ടി. അതൊരു കോർണറായിമാറി. പിന്നേയും പന്തു മിനിറ്റുനേരത്തോളം പന്തു എം. ആർ. സിയുടെ പോസ്റ്റിൽ സത്യഗ്രഹം നടത്തി. സി. ഐ. എൽ. റൈറ്റ്ഔട്ട് ഇക്പാൽ മനോഹരമായി ക്രോസ് കൊടുത്തു കണ്ണനകിട്ടി, ജോജ്ജിനു കൊടുത്തു. സഭാധിവൻനായരെ മറിച്ച് വീണ്ടും കണ്ണനുകൊടുത്തു. കണ്ണനൊരാടി ഒഴിവാടുയി. തുടൻ എം. ആർ. സിക്ക എതിരായി ഒരു കോർണർകിട്ടി പക്ഷെ കാര്യമുയില്ല. ഉടനെ പന്തു സി. ഐ. എൽ പോസ്റ്റിലെത്തി കൃഷ്ണജി കാമാച്ചിയിൽനിന്ന് ആ പന്തു രക്ഷിച്ചെടുത്തെങ്കിലും ഒരു കോർണറായി. കോർണർ വീണ്ടും കോർണറായി മാറി. അടുത്തനിമിഷത്തിൽതന്നെ പന്തു എം ആർ. സിയുടെ പോസ്റ്റിലേക്ക പാഞ്ഞു. കണ്ണനിൽനിന്നു പന്തു രക്ഷിക്കുന്നതിനു വേണ്ടി എം. ആർ. സിയുടെ റൈറ്റ്ഹാഫ് ഫ്റാൻസിസ് ആ പന്ത് ഗോളിക്ക മൈനസ് ചെയ്തു. പക്ഷെ സമർത്ഥനായ സി. ഐ എൽ സെൻറർഫോർവേഡ് ജോജ്ജ് ഓടിയെത്തി, അഡ്വാൻസ്ചെയ്തുവന്നിരുന്ന ഗോളി ഗോപാലകൃഷ്ണനെ വെട്ടിച്ച് 20-ാമത്തെ മിനിറ്റിൽ അവരുടെ വിജയത്തിനാസ്പദമായ രണ്ടാമത്തെഗോളും നേടി. കാണികൾക്കാവേശമായി. പടക്കങ്ങൾ പൊട്ടിതുടങ്ങി. മഴകാരണം ജനങ്ങൾക്കും സാധാരണയുണ്ടാകാറുള്ളതിന്റെ നാലിലൊരുഭാഗമെയുണ്ടായിരുന്നുള്ളൂ.

പിന്നീട് എം. ആർ. സി യുടെ കളി മൊത്തത്തിൽ പരുക്കനായി തുടങ്ങി. എം. ആർ. സി യുടെ റൈറ്റ്വിങ്ങ് ബ്രേക്ക് ഹനീഫാ സി.ഐ.എൽ ക്കാരുടെറൈറ്റ്ഇൻ അഞ്ജഡ്ഖാനെനെഞ്ചിൽ ചവുട്ടി. റഫറി വാണിങ്ങ് കൊടുത്തു 25-ാമത്തെ മിനിറ്റിൽ ഹനീഫാ വീണ്ടും അഞ്ജഡ്ഖാനെ ചവുട്ടി. റഫറി കളിനിറുത്തി. എം. ആർ. സിയുടെ ഹനീഫയെ ഗ്രൗണ്ടിൽനിന്ന് പുറത്താക്കി. 35-ാമത്തെ മിനിറ്റിൽ ഇക്പാൽ അഹമ്മദ് റൈറ്റ് വിങ്ങിൽകൂടി പന്തുമായി മുന്നേറി. ഏതാണ്ട് കവച്ചുതുമായപ്പോഴും മനോഹരമായി ക്രോസ്ചെയ്തു സമയത്തിന് ലെഫ്റ്റ് ഔട്ട് സാഗേന്ദ്രനെത്തി മൂന്നാമത്തെ ഗോളും നേടി. 34-ാമത്തെ മിനിറ്റിൽ ഇക്പാലിന്റെ മറൊരുക്രോസ് കോർണർചെയ്തുകൊണ്ട് ജോജ്ജ് നാലാമത്തെ ഗോളും നേടി. അതോടെ കളിയവസാനിച്ചു.

ഇന്ന് കേപ്റ്റൻറെ ചിട്ടാനുദനറെ അഭാവത്തിൽ എം. ആർ. സിയെ ലീഡ്ചെയ്തത് സഭാശിവൻനായരാണ്. ഇന്നത്തെ റഫറി ഗോപി യായിരുന്നു. വരുന്ന ശനിയാഴ്ച മെയ് ദിനത്തിൽ ഫൈനൽമത്സരം നടക്കുന്നതായിരിക്കും. കളി 32-ാം ദിവസമാണിന്ന്.

ടീമുകൾ: എം. ആർ. സി –ഗോപാലകൃഷ്ണൻ, ഹനീഫ, സഭാശിവൻനായർ [ക്യാപ്റ്റൻ], ചേക്ക, മത്തു, ഫ്രാൻസിസ്, ശിവശങ്കരൻ, കാമാച്ചി, കപ്പുസ്വാമി, അൽഫോൻസ്, ഗോപിനാഥ്.

സി. ഐ. എൽ. –ജ്ഞാനപ്രകാശം, നാഗേന്ദ്രൻ, ഹബിബുള്ള, തുമസിനാസ്, കൃഷ്ണജി റാവു [ക്യാപ്റ്റൻ] ദൊരസ്വാമി, ഇക്പാൽ അഹമ്മദ്, അഞ്ജഡ്ഖാൻ, ജോജ്ജ്, കണ്ണൻ, കൃഷ്ണപ്പാ.

—

## കായികപരിശീലനത്തിനു സമ്മർക്യാമ്പ്

(പി ടി ഐ)

തിരുവനന്തപുരം ഏ. 28

കേരള അത്ത്ലറ്റിക്ക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും, വിദ്യാർത്ഥിനികൾക്കുംവേണ്ടി ഇവിടെ കായിക വിദ്യാഭ്യാസ കലാലയത്തിൽവെച്ച് ഒരു പരിശീലനക്യാമ്പ് ആരംഭിക്കുന്നതാണ്. മെയ് 2നു ആണു ഇതു ആരംഭിക്കുന്നതു.

കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നുമായി 100 ആൺകുട്ടികളെയും, 50 പെൺകുട്ടികളേയും ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. വോളിബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, എന്നീ കായികവിനോദങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതാണ്.

—

## ടിക്-20 കഴിച്ച് ആസ്പത്രിയിൽ

(സ്വ ലേ) തൃശൂർ ഏ 23

ടിക്-20 കഴിച്ചതിനെതുടർന്ന് കണ്ണശ്ശൂകടവിൽനിന്നും വിശ്വംഭരൻ എന്ന ഒരു യുവാവിനെ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. മദ്യന്നു തെറിയാണത്രെ ഇയ്യാൾ ടിക്-20 കഴിച്ചതു.

—

## പുരകത്തി നശിച്ചു

പരിയാരം, ഏ. 27

പരിയാരം-എലാത്തിലെ കുട്ടപ്പാഷാൻ ചിത്തൻ മാധവൻ എന്നാളുടെ വൈക്കോൽകൊണ്ട് മേഞ്ഞതായ പുരകഴിഞ്ഞ ഞായറാഴ്ച രാത്രി എങ്ങിനെയോ കത്തി നശിച്ചിരിക്കുന്നു. പുരകത്തിയതിന്റെ ഫലമായി വളരെ അധികം നാശനഷ്ടങ്ങളും സംഭവിച്ചിട്ടുണ്ട്.

[സ്വ. ലേ]


## ഏജൻസി അറിയിപ്പ്

മട്ടാഞ്ചേരിയിലെ മുൻ ഏജന്റ് ശ്രീ. സി. ടി, ശിവാനന്ദൻ പകരം ശ്രീ. ടി. ജെ. ജയിംസിനെ ഏപ്രിൽ ഒന്നുമുതൽ മട്ടാഞ്ചേരി 'തൊഴിലാളി' ഏജൻറായി നിയമിച്ചിരിക്കുന്നു.

എന്ന്,
സർക്കുലേഷൻ മാനേജർ


# നെഹ്രുവിന്റെ ചരിത്രം ചിത്രങ്ങളിൽ

ന്യൂഡൽഹി—ജവഹർലാൽ നെഹ്രുവിന്റെ ജീവിതത്തേയും പ്രവർത്തനങ്ങളേയും കുറിച്ച നൂറോളം ചിത്രങ്ങളും അനേകം ശിലാരൂപങ്ങളും ഉപയോഗിച്ച് നെഹ്രുവെന്ന മനുഷ്യനേയും അദ്ദേഹത്തിന്റെ രാജ്യതന്ത്രത്തേയും കഥപറയാൻ പ്രദർശനം ശ്രമിക്കുകയുണ്ടായി. ഇന്ത്യയുടെ ഏറ്റവും വാചാലനായ ദ്യശ്യാത്മാവ് നെഹ്രുവായിരുന്നതിനാൽ അദ്ദേഹത്തിന്റെ വാക്കുകളും പ്രദർശനത്തിൽ ധാരാളമായി ഉപയോഗിക്കപ്പെട്ടു. കാഴ്ചയ്ക്കുവെച്ചിരുന്ന അപൂർവ്വവസ്തുക്കളിൽ, നെഹ്രു ജയിലിൽവെച്ച് എഴുതിയ ഡയറികളും കൂട്ടിക്കാലത്തു് വായിച്ചിരുന്ന പുസ്തകങ്ങളും നെഹ്രുവിന്റെ വിവാഹവേളയിൽ ഉപയോഗിച്ച കഷ്യന്നകളും ഉൾപ്പെടുന്നു.

നെഹ്രുകുടുംബത്തിന്റെ പല ചിത്രങ്ങളും ഉടപ്പുഗ്രമായി പ്രദർശിപ്പിക്കുന്നു. 1890 ഏപ്രിൽ 14-ാംനു, അതുമസം പ്രായമുള്ളപ്പോഴും നെഹ്രുവും ആയയും ചേർന്നുള്ള, അദ്ദേഹത്തിന്റെ ആദ്യചിത്രമാണ് ഇതിലെന്നത്. പ്രദർശനം നാലുവിഭാഗങ്ങളായി തിരിച്ചിരുന്നു. ജയിൽ പാവിലിയൻ, വിവാഹവേദിയിൻ, ചരിത്രവിഭാഗം എന്നിവയാണ് ഏറ്റവും മധികം ജനങ്ങളെ ആകഷിച്ചുത്. പ്രദർശനത്തിന്റെ അവസാനം വെച്ചിരുന്ന, നിർമ്മാണത്തിലിരിക്കുന്ന ഒരു ഇന്ത്യൻ അണക്കെട്ടിന്റെ ഭീമാകാരമായ ചിത്രം, നെഹ്രു മുഴുമിപ്പിക്കാതെ, വിട്ടുപോയ പണിയുടെ പ്രതീകമായി നില കാണ്ടു.

## നെഹ്രുസുഖത്തുടർ

ന്യൂയോർക്കിലെ പ്രദർശനം അമേരിക്കൻ വൈസ്-പ്രസിഡണ്ടു് മി. ഹ്യൂബർട്ട് ഹംഫ്രി ജനുവരി 28-ാംനു ഗംഭീരമായ സാമ്പത്തിക സഹകരണത്തിന്റെ പാതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച മോസ്കോ പ്രദർശനം സോവിയറ്റ് ഉപപ്രധാനമന്ത്രി മി. ഡി. പേളീയൻസ്കി ഫെബ്രുവരി 9-ാംനു ലെനിൻ ലൈബ്രറി ഹാളിൽ ഉദ്ഘാടനം ചെയ്തു. 300 ഫോട്ടോകളും വണ്ണച്ചിത്രങ്ങളും കൊണ്ടു് നെഹ്രുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും ചിത്രീകരിക്കാനും അദ്ദേഹത്തിന്റെ കാലത്തുണ്ടായ പ്രധാന മാറ്റങ്ങളുമായി അവയെ ബന്ധപ്പെടുത്താനുമായിരുന്നു അവിടത്തെ ശ്രമം. വിപ്ലവാത്മകമായ ഈ ശാരീരത്തിനു ആപ്രധാനമായ കൂടുകൊടുക്കുന്നതിൽ അദ്ദേഹത്തിന്റെ സംഭാവന ഈ പ്രദർശനം വ്യക്തമായി ചിത്രീകരിച്ചു വിവിധ വിഭാഗങ്ങളെ നെഹ്രുവിന്റെ മേൽ ഗാന്ധിജി ചെലുത്തിയ സ്വാധീനവും സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം സഹിച്ചു തടുഗങ്ങളും വരച്ചുകാട്ടി. നെഹ്രുവിന്റെ വാക്കുകൊത്തന്നെയാണ് കമന്ററിയായി ഉപയോഗിച്ചിരുന്നതു്. ഏറ്റവും പ്രധാനപ്പെട്ട വിഭാഗം, ഇന്തോ-സോവിയറ്റ് സൌഹാർദ്ദത്തിന്റെ പ്രതീകമായി നെഹ്രുവിനെ ചിത്രീകരിക്കുന്നതായിരുന്നു. രണ്ടു രാജ്യങ്ങളുടേയും സഹകരണം കൃഷി, വ്യവസായം, സാങ്കേതികശാസ്ത്രം എന്നീ മണ്ഡലങ്ങളിൽ ഉളവാക്കിയ വ്യക്തമായ ഫലങ്ങളായിരുന്നു ഇതിലെ പ്രതിപാദ്യം. സോവിയറ്റ് ജനതയുടെയിടയിൽ അദ്ദേഹം നേടിയ പ്രിയം വിശദമാക്കുന്ന ചിത്രങ്ങളും ഉണ്ടായിരുന്നു. നെഹ്രു ഒരു പ്രാവിനെ പറപ്പിക്കുന്ന വലിയ ചിത്രം അദ്ദേഹത്തിന്റെ സമാധാനവാഞ്ഛയെ വിളിച്ചു പറയുന്നതായിരുന്നു.

.....

## ഇന്തോ സോവിയറ്റ് സൌഹാർദ്ദം

പ്രാഥമികമായും, ഇന്തോ-സോവിയറ്റ് സാംസ്കാരിക സഹകരണത്തിന്റെ പതിനഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച മോസ്കോ പ്രദർശനം സോവിയറ്റ് ഉപപ്രധാനമന്ത്രി മി. ഡി. പേളീയൻസ്കി ഫെബ്രുവരി 9-ാംനു ലെനിൻ ലൈബ്രറി ഹാളിൽ ഉദ്ഘാടനം ചെയ്തു. 300 ഫോട്ടോകളും വണ്ണച്ചിത്രങ്ങളും കൊണ്ടു് നെഹ്രുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും ചിത്രീകരിക്കാനും അദ്ദേഹത്തിന്റെ കാലത്തുണ്ടായ പ്രധാന മാറ്റങ്ങളുമായി അവയെ ബന്ധപ്പെടുത്താനുമായിരുന്നു അവിടത്തെ ശ്രമം. വിപ്ലവാത്മകമായ ഈ ശാരീരത്തിനു ആപ്രധാനമായ കൂടുകൊടുക്കുന്നതിൽ അദ്ദേഹത്തിന്റെ സംഭാവന ഈ പ്രദർശനം വ്യക്തമായി ചിത്രീകരിച്ചു വിവിധ വിഭാഗങ്ങളെ നെഹ്രുവിന്റെ മേൽ ഗാന്ധിജി ചെലുത്തിയ സ്വാധീനവും സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം സഹിച്ചു തടുഗങ്ങളും വരച്ചുകാട്ടി. നെഹ്രുവിന്റെ വാക്കുകൊത്തന്നെയാണ് കമന്ററിയായി ഉപയോഗിച്ചിരുന്നതു്. ഏറ്റവും പ്രധാനപ്പെട്ട വിഭാഗം, ഇന്തോ-സോവിയറ്റ് സൌഹാർദ്ദത്തിന്റെ പ്രതീകമായി നെഹ്രുവിനെ ചിത്രീകരിക്കുന്നതായിരുന്നു. രണ്ടു രാജ്യങ്ങളുടേയും സഹകരണം കൃഷി, വ്യവസായം, സാങ്കേതികശാസ്ത്രം എന്നീ മണ്ഡലങ്ങളിൽ ഉളവാക്കിയ വ്യക്തമായ ഫലങ്ങളായിരുന്നു ഇതിലെ പ്രതിപാദ്യം. സോവിയറ്റ് ജനതയുടെയിടയിൽ അദ്ദേഹം നേടിയ പ്രിയം വിശദമാക്കുന്ന ചിത്രങ്ങളും ഉണ്ടായിരുന്നു. നെഹ്രു ഒരു പ്രാവിനെ പറപ്പിക്കുന്ന വലിയ ചിത്രം അദ്ദേഹത്തിന്റെ സമാധാനവാഞ്ഛയെ വിളിച്ചു പറയുന്നതായിരുന്നു.

.....

# തലസ്ഥാനത്തുനിന്ന്

[സ്വ. ലേ] ഏപ്രിൽ 27

കേന്ദ്രഭക്ഷ്യവകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ. കെ. ഡി. എൻ. സിംഗിന്റെ നേതൃത്വത്തിൽ മൂന്ന് സ്പീഡ് വിദഗ്ധന്മാരും ഏതാനും ഇന്ത്യൻ ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു ഇന്തോ-സ്പീഡിഷ് സംഘം 1965 മേയ്മാസം രണ്ടാംതീയതി മുതൽ എട്ടാംതീയതിവരെ സംസ്ഥാനം സന്ദർശിക്കുന്നതാണ്. മേയ് അഞ്ചാംതീയതി പ്രസ്തുത സംഘം സംസ്ഥാന ഗവർമ്മെണ്ടു് അധികൃതന്മാരുമായി ഫുഡ് കോർപ്പറേഷൻ റീജിയനൽ മാനേജന്മാരുമായും തിരുവനന്തപുരത്തുവെച്ച് ചർച്ചകൾ നടത്തും.

**ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് പരീക്ഷ**

സിറ്റി ആൻഡ് ഗിൽഡ്സ് ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് പരീക്ഷ മേയ് മൂന്നാംതീയതി ആരംഭിക്കുന്നതാണെന്ന് ഗവർമ്മെൻറ് പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി അറിയിക്കുന്നു. മേയ് 3, 5, 11, 13, 19 എന്നീ തീയതികളിലെ പരീക്ഷ തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിൽവച്ചും മറ്റു ദിവസങ്ങളിലേതു ഗവണ്മെന്റു പരീക്ഷാ കമ്മീഷണറുടെ ആഫീസിൽ വച്ചുമാണ് നടത്തുക.

**അപേക്ഷ ക്ഷണിക്കുന്നു**

ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ റിസർച്ച് അസിസ്റ്റൻറുമാരായി നിയമനത്തിനു് ആറ് ഒഴിവുകളിലേക്ക് പോസ്റ്റ്ഗ്രാജ്വേറേറ് ബിരുദധാരികളിൽനിന്നും അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അപേക്ഷാഭിക്കേണ്ട അവസാനദിവസം ജൂൺ 2-ാംതീയതിയാണ്. റവന്യൂ വകുപ്പിൽ വില്ലേജ് അസിസ്റ്റൻറുമാരായി നിയമനത്തിനു് ആലപ്പുഴ ജില്ലയിൽ എട്ട് ഒഴിവുകളിലേയ്ക്കു് ഡിസ്ട്രിക്ട് റിക്രൂട്ടുമെൻറ് ബോർഡ് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അപേക്ഷ കിട്ടേണ്ട അവസാനദിവസം ജൂൺ 1-ാംതീയതിയാണ്. പ്രായപരിധിയുൾപ്പെടെ മറ്റു വിവരങ്ങൾ ഇന്നത്തെ ഗസറ്റിലുണ്ട്.

**എം എസ്, പി യിൽ**

**ജോലി ഒഴിവുകൾ**

എം. എസ്. പി യിൽ പ്രതിമാസം 30-40 രൂപ ശമ്പളനിരക്കിൽ ബ്യൂഗ്ലർ ബോയ്സിന്റെ 20 ജോലി ഒഴിവുകളുണ്ട്. മലയാളം എഴുതുവാനും വായിക്കുവാനും പരിജ്ഞാനമുള്ളവർക്ക് ഇതിലേക്ക് അപേക്ഷിക്കാം. അപേക്ഷകർ 15 വയസ്സ് പൂർത്തിയായവരും 16 വയസ്സ് തികയാത്തവരുമായിരിക്കണം. സംഗീതത്തിൽ അഭിരുചിയും ബ്യൂഗ്ലെപ്പ് ഉപകരണങ്ങൾ പ്രയോഗിക്കുന്നതിൽ പരിചയവുമുള്ളവർക്ക് മുൻഗണന നൽകപ്പെടും. അപേക്ഷകർ ഇതുസംബന്ധിച്ച പൂർണ്ണവിവരങ്ങൾക്ക മേയ് ഒന്നാംതീയതിക്കകം അടുത്തുള്ള എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ അന്വേഷിക്കേണ്ടതാണ്.

**മെഡ്രാസിനു നൽകി**

അൻഡെയിൻഡ് അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കത്തതുമൂലം പ്രസ്തുത അദ്ധ്യാപകർക്ക് നേരിടുന്ന വിഷമതകളെ കാണിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ഇന്ന് വിദ്യാഭ്യാസ സെക്രട്ടറിക്ക് കേരള പ്രൈവറ്റ് സ്കൂൾ മാനേജേഴ്സ് അസ്സോസിയേഷൻ ഭാരവാഹികളും സമർപ്പിച്ചിരിക്കുന്നു. ആ സ്സോസിയേഷൻ സെക്രട്ടറി ശ്രീ. പി. ഭാസ്കരക്കുപ്പ്, ശ്രീ. കെ. എം. ഹനീഫാലബ്ബു, ശ്രീ. ടി. എ. എം. സാഹിബ് എന്നിവർ പേർന്നാണ് മെമ്മോറാണ്ടം നൽകിയതു്.

**ആർട്സ് ക്ലബ്**

പേയാടു് പബ്ലിക് ആർട്സ് ക്ലബ്ബിന്റെ ഒരു പൊതുയോഗം ശ്രീ. ജി. റാവി അപ്പുൻ പ്രസിഡണ്ടായി മഞ്ചുമ പേരടങ്ങിയ ഒരു ഭരണസമിതി തിരഞ്ഞെടുത്തിരിക്കുന്നു.

**യൂത്തു കോൺഗ്രസ് ദിനം**

ആഗസ്റ്റ് 9-ാംനു യൂത്തു കോൺഗ്രസ്സ് ദിനം ജില്ലാടിസ്ഥാനത്തിൽ സമുചിതമായി ആഘോഷിക്കുന്നതിനു തിരുവനന്തപുരം ജില്ലാ യൂത്തു കോൺഗ്രസ്സ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു.

**എക്സൈസ് ഡിപ്പാർട്ടുമെൻറ് സ്റ്റാഫ് കൗൺസിൽ**

എക്സൈസ് ഡിപ്പാർട്ടുമെൻറ് സ്റ്റാഫ് കൗൺസിലിലേക്ക് സബ്ശ്രീ സ്റ്റീഫൻ പാപ്പാ, വേലപ്പൻ ആശാരി, ദേവദാസ്, നീലകണ്ഠപിള്ള, ജാനു എന്നിവരെ യഥാക്രമം എക്സൈസ് ഇൻസ്പെക്ടർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്രീവൻറീവ് ആഫീസർ, ഗാർഡ് എന്നീ വിഭാഗങ്ങളുടെ പ്രതിനിധികളായി തിരഞ്ഞെടുത്തിരിക്കുന്നു. ശ്രീ. എം. വേലപ്പൻ ആശാരിയെ സ്റ്റാഫ് കൗൺസിൽ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

.....

## ധ്യാനം സമാപിച്ചു

സ്വ ലേ കൊടകര, ഏ. 27

കൊടകര വി. യൂസേപ്പ് പണ്യവാളന്റെ പള്ളിയിലെ ന്യാനം ഇന്നലെ അവസാനിച്ചിരിക്കുന്നു. ധ്യാനഗുരു ഫാദർ ജോസ് അക്കരക്കാരനായിരുന്നു.

.....

# എറണാകുളം വാർത്തകൾ

[സ്വ. ലേ] ഏറണാകുളം 28

**പഞ്ചായത്തുകൾക്കു റേഡിയോ**

പഞ്ചായത്തുകൾക്കു് കുറഞ്ഞനിരക്കിൽ റേഡിയോ സെറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി അനുസരിച്ച് പിണ്ടിമന, ആരക്കുഴ, ആലക്കോട്ടു പൂപ്പുഴ, കരിമണ്ണൂർ, ഉടുമ്പന്നൂർ എന്നീ പഞ്ചായത്തുകൾക്ക് ഓരോ റേഡിയോവീതവും, കൂട്ടാട്ടുകുളം പഞ്ചായത്തിനു് 2 റേഡിയോയും കുന്നുകരപഞ്ചായത്തിനു് 3 റേഡിയോയും ഏഴിക്കര കടമക്കുടി എന്നീ പഞ്ചായത്തുകൾക്ക് 4 റേഡിയോ വീതവും പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നു് വിതരണം ചെയ്തിരിക്കുന്നു.

**മരച്ചീനികർഷകർക്കു് ധനസഹായം**

വടവുകോട്ട് വികസന ബ്ലോക്കിൽ മ